Deivarajyam October 2016

● R.N.7623/63

Registered No. KL/ALY/0020/2014-2016 ● R.N. 7623/1963

Date of publication: 1/10/2016

● Posted at Thodupuzha Stg.

Annual Subscription ₹ 100.00




# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ




വാല്യം 55

ഒക്ടോബർ 2016

ലക്കം 10




Printed at Sanjo Offset Press, Kothamangalam

Editor, Printer & Publisher Rev. Dr. George Thekkekara

Bishop's House, Kothamangalam - 686 691



ജീവ ബുക്ക്സിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കുന്നു.

# ദൈവരാജ്യം








*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 55**
**ഒക്ടോബർ 2016**
**ലക്കം 10**



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| ലോകമിഷൻ ഞായർ സർക്കുലർ | 5 |
| സീറോ മലബാർ പ്രവാസികൾക്കായുള്ള ഗ്രേറ്റ് ബ്രിട്ടൺ രൂപതാപ്രഖ്യാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്റ റുടെ നിയമനവും സർക്കുലർ | 10 |
| രൂപതക്കച്ചേരി | 11 |
| മൈനർ സെമിനാരി | 16 |
| വിജ്ഞാനഭവൻ | 17 |
| വിദ്യാഭ്യാസം | 21 |
| ചെറുപുഷ്പമിഷൻലീഗ് | 22 |
| കെ.സി.എസ്.എൽ. | 27 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 31 |
| സോഷ്യൽ സർവീസ് | 33 |
| യുവദീപ്തി | 33 |
| ജീസസ് യൂത്ത് | 34 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 35 |
| മാതൃവേദി | 37 |
| ഡി.സി.എം.എസ്. | 38 |
| എ.കെ.സി.സി. | 38 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 39 |
| പ്രാർത്ഥനാഗ്രൂപ്പ് | 40 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 41 |
| സെന്റ് വിൻസെന്റ് ഡി പോൾ | 42 |
| കേരളലേബർ മൂവ്മെന്റ് | 42 |
| നെസ്റ്റ് പ്രോഗ്രാം | 43 |
| തിരുനാൾ മംഗളങ്ങൾ | 43 |
| വാർത്തയും വിശേഷങ്ങളും | 44 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 46 |
| ബിഷപ്സ് പ്രോഗ്രാം | 48 |
| പ്രാർത്ഥനയിൽ ഓർക്കാം | 49 |
| നിര്യാതരായി | 49 |




## ഓർമ്മിക്കാൻ

### ഒക്ടോബർ

| | | |
|---|---|---|
| 5-7 | - | Pre-Marriage Course |
| 8 | - | കെ.സി.എസ്.എൽ. സംസ്ഥാന സാഹിത്യമത്സരം |
| 9 | - | Catechism ഒന്നാം സെമസ്റ്റർ പരീക്ഷ |
| 9-12 | - | Teens' Meet |
| 10 | - | CML രൂപതാ കലോത്സവം |
| 10-12 | - | CML സാഹിത്യ ശില്പശാല |
| ,, | - | KCSL സാഹിത്യ ശില്പശാല |
| 12 | - | ജൂബിലി ദമ്പതീസംഗമം |
| 16 | - | മിഷൻ ഞായർ |
| 19- 21 | - | Pre-Marriage Course |
| 22 | - | CML Stars Meet |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | വി. കൊച്ചുത്രേസ്യ |
| 02 | : | കാവൽമാലാഖ |
| 03 | : | വി. ഫ്രാൻസീസ് അസ്സീസി |
| 15 | : | ആവിലായിലെ വി. ത്രേസ്യ |
| 16 | : | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : | വി. ലൂക്കാ സുവിശേഷകൻ |
| | | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 28 | : | വി. ശിമയോൻ, വി. യൂദാ തദ്ദേവൂസ് |

Ref: 2980/K 35/OL/KCBC/DS 25.08.2016

# ലോകമിഷൻ ഞായർ - 2016

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## *പ്രേഷിതസഭ, കാരുണ്യത്തിന്റെ സാക്ഷിണി*

പ്രിയ സഹോദരീസഹോദരന്മാരേ,

സഭ ആഘോഷിക്കുന്ന കാരുണ്യത്തിന്റെ അസാധാരണ ജൂബിലി 2016-ലെ ആഗോളമിഷൻ ഞായറിന്മേൽ സവിശേഷപ്രകാശം ചൊരിയുന്നു: വിജാതിയരെ സംബന്ധിച്ച പ്രേഷിതത്വത്തെ ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ മഹത്തായ, അളവറ്റ കാരുണ്യപ്രവർത്തനമായി പരിഗണിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു. പ്രേഷിതരായ ശിഷ്യരായി "പുറത്തേക്കു പോകാൻ" നാം എല്ലാവരും ഈ ആഗോളമിഷൻദിനത്തിൽ ക്ഷണിക്കപ്പെടുന്നു. മുഴുവൻ മനുഷ്യകുടുംബത്തിനും ദൈവത്തിന്റെ വാത്സല്യത്തിന്റെയും സഹതാപത്തിന്റെയും സന്ദേശം നല്കുന്നതിനുവേണ്ടി ഓരോ വ്യക്തിയും തന്റെ കഴിവുകളും സർഗാത്മകതയും ജ്ഞാനവും അനുഭവവും ഉദാരതയോടെ സമർപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു. പ്രേഷിതത്വ കല്പനയുടെ ശക്തിയാൽ സഭ സുവിശേഷം അറിയാത്തവരെ ശ്രദ്ധിക്കുന്നു. കാരണം, എല്ലാവരും രക്ഷിക്കപ്പെടണമെന്നും കർത്താവിന്റെ സ്നേഹം അനുഭവിക്കണമെന്നും അവൾ ആഗ്രഹിക്കുന്നു. "ദൈവത്തിന്റെ കാരുണ്യം, സുവിശേഷത്തിന്റെ ഹൃദയസ്പന്ദനം" അറിയിക്കാനും (*Misericordiae Vultus,* 12) ലോകത്തിന്റെ എല്ലാ കോണുകളിലും ചെറിയവരും വലിയവരുമായ എല്ലാവരിലേക്കും എത്തിച്ചേർന്നുകൊണ്ട് കാരുണ്യം പ്രഘോഷിക്കാനും അവൾ നിയോഗിക്കപ്പെട്ടിരിക്കുന്നു.

കാരുണ്യം ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ അത് നിത്യപിതാവിന്റെ ഹൃദയത്തിൽ അഗാധമായ സന്തോഷം ഉളവാക്കുന്നു. എന്തെന്നാൽ ആരംഭംമുതൽ അവിടന്ന് ഏറ്റവും ദുർബലരായവരിലേക്ക് സ്നേഹപൂർവം തിരിഞ്ഞിട്ടുണ്ട്. കാരണം അവിടത്തെ മഹത്ത്വവും ശക്തിയും കൃത്യമായി വെളിവാക്കപ്പെടുന്നത് കുട്ടികളോടും പാർശ്വവത്കരിക്കപ്പെട്ടവരോടും പീഡിതരോടും താദാത്മ്യപ്പെടാനുള്ള അവിടത്തെ കഴിവിലാണ് (cf. നിയമാ 4:31; സങ്കീ 86:15; 103:8; 111:4). അവിടന്ന് ആവശ്യത്തിൽപ്പെട്ടവരോട് പ്രത്യേകിച്ച് ദരിദ്രരോട് അടുത്തുനില്ക്കുന്ന കാരുണ്യവാനും ശ്രദ്ധാലുവും വിശ്വസ്തനുമായ ദൈവമാ



ണ്. മാതാവും പിതാവും മക്കളുടെ ജീവിതത്തിൽ ചെയ്യുന്നതുപോലെ അവിടന്ന് മാനുഷിക യാഥാർത്ഥ്യത്തിൽ മൃദുലഹൃദയത്തോടെ ഇടപെടുന്നു (cf. ജെറ 31:20). ബൈബിൾ ഗർഭപാത്രത്തെപ്പറ്റി പറയുമ്പോൾ കാരുണ്യം സൂചിപ്പിക്കുന്ന പദമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അത് ഒരമ്മയ്ക്ക് കുട്ടികളോടുള്ള സ്നേഹത്തെ പരാമർശിക്കുന്നു. എന്തു സംഭവിക്കുന്നുവെന്നത് പരിഗണിക്കാതെ എല്ലാ സാഹചര്യത്തിലും അവൾ എപ്പോഴും സ്നേഹിക്കുന്നു. കാരണം അവർ അവളുടെ ഉദരഫലമാണ്. ദൈവത്തിന് തന്റെ എല്ലാ മക്കളോടുമുള്ള സ്നേഹത്തിന്റെ സാരാംശപരമായ ഒരു വശമാണിത്. എല്ലാ മക്കളെയും അവിടന്ന് സൃഷ്ടിച്ചതാണ്. അവരെ വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും അവിടന്ന് ആഗ്രഹിക്കുന്നു. അവരുടെ ദുർബലതയും അവിശ്വസ്തതയും കാണുമ്പോൾ അവിടത്തെ ഹൃദയം സഹതാപത്താൽ കീഴടക്കപ്പെടുന്നു (cf. ഹോസി 11:8). എല്ലാവരോടും അവിടന്ന് കാരുണ്യം കാണിക്കുന്നു. അവിടത്തെ സ്നേഹം എല്ലാവരെയും സംബന്ധിച്ചുള്ളതാണ്. അവിടത്തെ സഹതാപം എല്ലാ സൃഷ്ടികളിലേക്കും വ്യാപിക്കുന്നു (cf. സങ്കീ 144:89).

ദൈവകാരുണ്യത്തിന്റെ ഏറ്റവും ശ്രേഷ്ഠവും പൂർണവുമായ പ്രകാശനം മനുഷ്യാവതാരം ചെയ്ത ദിവ്യവചനത്തിലാണുള്ളത്. കരുണാസമ്പന്നനായ പിതാവിന്റെ മുഖം യേശു വെളിപ്പെടുത്തുന്നു. അവിടന്ന് "കാരുണ്യത്തെപ്പറ്റി പറയുകയും താരതമ്യവും ഉപമകളും ഉപയോഗിച്ച് അതിനെ വിശദീകരിക്കുകയും ചെയ്തു. എല്ലാറ്റിലും ഉപരിയായി അവിടന്നു അതിന്റെ അവതാരവും വ്യക്തിത്വവുമായിത്തീർന്നു" (*Dives in Misericordia,* 2). സുവിശേഷങ്ങളും കൂദാശകളും വഴി നാം യേശുവിനെ സ്വാഗതം ചെയ്യുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ, സ്വർഗസ്ഥനായ കരുണാമയനായ പിതാവിനെപ്പോലെ കരുണാപൂർണരായിത്തീരുന്നു. അവിടന്ന് നമ്മെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും നമ്മുടെ ജീവിതത്തെ ഒരു സൗജന്യദാനമായി, അവിടത്തെ നന്മയുടെ അടയാളമാക്കിത്തീർക്കുവാനും നമുക്കു കഴിയും (cf *misericordiae Vultus,* 3). മനുഷ്യവംശത്തിന്റെ മധ്യത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്താൽ ജീവിക്കുന്ന സമൂഹങ്ങളിൽ ഒന്നാമത്തേതാണ് സഭ. സഭ അവിടത്തെ നോട്ടം തിരിച്ചറിയുന്നു. കരുണാപൂർണമായ സ്നേഹത്തോടെ അവിടന്ന് തന്നെ തിരഞ്ഞെടുത്തുവെന്ന് അവൾ അറിയുന്നു. ഈ സ്നേഹത്തിലൂടെ

യാണ് സഭ തനിക്കുള്ള കല്പന തിരിച്ചറിയുന്നതും അതനുസരിച്ചു ജീവിക്കുന്നതും ഓരോ സംസ്കാരവും മതവിശ്വാസവുമായുള്ള ആദരപൂർവകമായ സംവാദത്തിലൂടെ അതിനെ സകല ജനതകളെയും അറിയിക്കുന്നതും.

കരുണാപൂർണമായ ഈ സ്നേഹത്തിന്, സഭയുടെ ആദിമകാലത്തെന്നതുപോലെ എല്ലാ പ്രായത്തിലും ജീവിതാവസ്ഥയിലുമുള്ള സ്ത്രീപുരുഷന്മാർ സാക്ഷ്യം നല്കിയിട്ടുണ്ട്. പ്രേഷിത ലോകത്ത് പുരുഷന്മാരോടൊപ്പം അധ്വാനിക്കുന്ന സ്ത്രീകളുടെ സാന്നിധ്യം പരിഗണനീയവും വർധമാനവുമാണ്. അത് ദൈവത്തിന്റെ മാതൃത്വപരമായ സ്നേഹത്തിന്റെ ശ്രദ്ധേയമായ അടയാളമാണ്. അല്മായരും സന്ന്യസ്തരുമായ സ്ത്രീകൾ - ഇന്ന് അനേകം കുടുംബങ്ങൾപോലും വ്യത്യസ്ത രീതികളിൽ തങ്ങളുടെ പ്രേഷിതത്വ വിളി നിർവഹിക്കുന്നുണ്ട്. സുവിശേഷപ്രഘോഷണം മുതൽ ജീവകാരുണ്യ പ്രവർത്തനംവരെ നടത്തുന്നുണ്ട്. മിഷണറിമാർ ചെയ്യുന്ന സുവിശേഷപ്രഘോഷണ-കൗദാശിക പ്രവർത്തനങ്ങളോടൊപ്പം സ്ത്രീകൾക്കും കുടുംബങ്ങൾക്കും മിക്കപ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ പര്യാപ്തമാംവിധം അറിയാൻ കഴിയുന്നതുകൊണ്ട് അവയെ എങ്ങനെ സമുചിതമായ രീതിയിൽ, ചിലപ്പോൾ നവീനരീതിയിൽ, കൈകാര്യം ചെയ്യണമെന്ന് അവർ അറിയുന്നു. വ്യവസ്ഥിതികളിലെന്നതിനെക്കാൾ ജനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവൻ സംരക്ഷിക്കാൻ അവർ അറിയുന്നു. നല്ല ബന്ധങ്ങളും സമന്വയവും സമാധാനവും, ഐക്യദാർഢ്യവും സംവാദവും സഹകരണവും സാഹോദര്യവും സൃഷ്ടിക്കാൻവേണ്ടി മാനുഷികവും ആധ്യാത്മികവുമായ വിഭവങ്ങൾ വിതരണം ചെയ്യാൻ അവർക്കു കഴിയുന്നു. വ്യക്തികളുടെയിടയിലും സാമൂഹിക-സാംസ്കാരിക ജീവിതത്തിലും, പ്രത്യേകിച്ച് ദരിദ്രരെ സംരക്ഷിക്കുന്നതുവഴി, അപ്രകാരം ചെയ്യാൻ കഴിയുന്നു.

പല സ്ഥലങ്ങളിലും സുവിശേഷവത്കരണം തുടങ്ങുന്നത് വിദ്യാഭ്യാസത്തോടെയാണ്. അതിനായി മിഷണറിമാർ ഏറെ സമയവും അധ്വാനവും ചെലവഴിക്കുന്നുണ്ട്. സുവശേഷത്തിൽ കാണുന്ന മുന്തിരിത്തോട്ടത്തിന്റെ ഉടമയെപ്പോലെതന്നെ(cf ലൂക്കാ 13:7-9, യോഹ 15:1). അയാൾ അനേകവർഷം സാവധാനം കൃഷിചെയ്തിട്ട് ഫലത്തിനായി കാത്തിരുന്നല്ലോ. അങ്ങനെ സുവിശേഷവത്കരണം നടത്താൻ കഴിവുള്ള പുതിയ ജനതയെ അവർ ജനിപ്പിക്കുന്നു. മറ്റുവിധത്തിൽ സുവിശേഷവത്കരണം സാധ്യമല്ലെന്നു തോന്നുന്ന സ്ഥലങ്ങളിലേക്ക് അവർ സുവിശേഷം എത്തിച്ചുകൊടുക്കുന്നു. ഒരിക്കൽ ക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്നവരുടെയും "അമ്മ" എന്ന് സഭയെ നിർവചിക്കാം. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധജനം കാരുണ്യത്തിന്റെ മാതൃത്വപരമായ സേവനം തുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കർത്താവിനെ കണ്ടുമുട്ടാനും സ്നേഹിക്കാനും വേണ്ടി ഇന്നോളം അവിടത്തെ അറിയാതിരിക്കുന്നവരെ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു. വിശ്വാസം ദൈവം നല്കുന്ന ദാനമാണ്. അത് മതപരിവർത്തനപ്രക്രിയയുടെ ഫലമല്ല. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന സുവിശേഷപ്രഘോഷകരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹായത്താൽ വളരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ തെരുവീഥികളിലൂടെ നടക്കുമ്പോൾ അതിരുകളില്ലാത്ത സ്നേഹമുള്ളവരായിരിക്കണം. എല്ലാ ജനതകളോടും നമ്മുടെ കർത്താവിനുള്ള സ്നേഹത്തിന്റെ അതേ അളവിലുള്ള സ്നേഹമുള്ളവരായിരിക്കണം. അവിടന്ന് നമുക്കു നല്കിയ ഏറ്റവും സുന്ദരവും വലുതുമായ സമ്മാനങ്ങളെക്കുറിച്ചാണ് നാം പ്രഘോഷിക്കുന്നത്: അവിടത്തെ ജീവനും അവിടത്തെ സ്നേഹവും.

ഓരോ വ്യക്തിക്കും ദൈവം നല്കുന്ന ദാനമായ രക്ഷാസന്ദേശം സ്വീകരിക്കാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ട്. പരിഹാരം കാണേണ്ട എത്രമാത്രം അനീതിയും യുദ്ധങ്ങളും മാനുഷിക വിഷമസന്ധികളുമുണ്ടെന്നു പരിഗണിക്കുമ്പോൾ ഇത് കൂടുതൽ അത്യാവശ്യമായിത്തീരുന്നു. സന്തോഷവും അനുരഞ്ജനവും നീതിയും സമാധാനവും നടപ്പാക്കാൻ ക്ഷമയുടെയും കാരുണ്യത്തിന്റെയും സുവിശേഷത്തിനു സാധിക്കുമെന്ന് മിഷണറിമാർ അനുഭവത്തിൽ നിന്ന് അറിയുന്നു. സുവിശേഷത്തിലെ കല്പന ഇതാണ്: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). ഈ കല്പന കാലഹരണപ്പെട്ടിട്ടില്ല. സർവ വെല്ലുവിളികളോടും കൂടിയ ഇന്നത്തെ സാഹചര്യത്തിൽ നവീകൃതമായ പ്രേഷിതത്വ "പ്രചോദനം" ഉണ്ടായിരിക്കാനുള്ള വിളി നാം ശ്രവിക്കാൻ ആ കല്പന നമ്മെ കടപ്പെടുത്തുന്നു. "സുവിശേഷത്തിന്റെ സന്തോഷം" എന്ന എന്റെ അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ തന്നെ.

“ഓരോ ക്രൈസ്തവനും ഓരോ സമൂഹവും കർത്താവു ചൂണ്ടിക്കാണിക്കുന്ന വഴി തിരിച്ചറിയണം. എന്നാൽ സുവിശേഷപ്രകാശം ആവശ്യമായിരിക്കുന്ന അതിരുകളിലേക്ക് എത്തിച്ചേരാൻ സ്വന്തം സുഖസൗകര്യങ്ങളുടെ മണ്ഡലത്തിൽ നിന്ന് മുന്നോട്ടുപോകാനുള്ള അവിടത്തെ വിളി അനുസരിക്കാൻ നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നു” (20).

ഈ ജൂബിലി വർഷം ആഗോളമിഷൻ ദിനാചരണത്തിന്റെ 90-ാം വാർഷികമാണ്. ഇത് 1926-ൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ആദ്യമായി അംഗീകരിച്ചു. വിശ്വാസപ്രചാരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ സംഘം സ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ മുൻഗാമികളുടെ ബുദ്ധിപൂർവകമായ നിർദേശങ്ങൾ അനുസ്മരിക്കുക സമുചിതമാണ്. ലോകം മുഴുവനിലുമുള്ള രൂപതയിലും ഇടവകയിലും സന്ന്യാസസമൂഹത്തിലും അസോസിയേഷനിലും സഭാത്മക പ്രസ്ഥാനത്തിലും നിന്ന് സംഭാവനകൾ ശേഖരിക്കാനും അവകൊണ്ട് ലോകത്ത് എവിടെയുമുള്ള ആവശ്യത്തിൽപ്പെട്ടിരിക്കുന്ന ക്രൈസ്തവസമൂഹങ്ങളെ സംരക്ഷിക്കാനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള സുവിശേഷപ്രഘോഷണത്തെ പിന്താങ്ങാനും വേണ്ടിയുള്ളതായിരിക്കണം ഈ സംഘമെന്ന് എന്റെ ആ മുൻഗാമികൾ കല്പിച്ചിട്ടുണ്ട്. പ്രേഷിതത്വപരമായ സഭാത്മക കൂട്ടായ്മയുടെ ഈ അടയാളത്തിൽ ഇന്നും നാം വിശ്വസിക്കുന്നു. നമുക്കു നമ്മുടെ തന്നെ പ്രത്യേക താത്പര്യങ്ങളിൽ ഹൃദയം അടയ്ക്കാതിരിക്കാം. നമ്മുടെ ഹൃദയങ്ങളെ മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടി തുറന്നിടാം.

ഉത്ഥിതനായ കർത്താവ് വ്യക്തിബന്ധങ്ങളെയും സംസ്കാരങ്ങളെയും നവീകരിക്കുകയും സന്തോഷകരമായ കാരുണ്യംകൊണ്ട് എല്ലാവരെയും നിറയ്ക്കുകയും ചെയ്യുന്നവനാണ്. രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ശ്രേഷ്ഠപ്രതീകവും സഭാപ്രേഷിതരുടെ ഉത്തമമാതൃകയുമായ പരിശുദ്ധ മറിയം ഉത്ഥിതനായ കർത്താവിന്റെ സജീവവും അദൃശ്യവുമായ സാന്നിധ്യം വളർത്താനും സംരക്ഷിക്കാനും സകല സ്ത്രീ-പുരുഷന്മാരെയും കുടുംബങ്ങളെയും പഠിപ്പിക്കട്ടെ.

വത്തിക്കാനിൽ നിന്ന് 15 മേയ് 2016, പെന്തക്കുസ്താത്തിരുനാൾ
**ഫ്രാൻസിസ് മാർപാപ്പാ**



## സീറോ മലബാർ പ്രവാസികൾക്കായുള്ള ഗ്രേറ്റ് ബ്രിട്ടൺ രൂപതാപ്രഖ്യാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവും സർക്കുലർ

**Prot.No. 1298/2016**

**സീറോ മലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ്**
**മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,
ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

സീറോ മലബാർസഭയിൽ 50 ലക്ഷത്തോളം വിശ്വാസികളുണ്ട്. ഇതിൽ 6 ലക്ഷത്തോളം പേർ സഭയുടെ 32 രൂപതകൾക്കും ഒരു അപ്പസ്റ്റോലിക് എക്സാർക്കേറ്റിനും പുറത്ത് പ്രവാസികളായി കഴിയുന്നവരാണ്. ഇന്ത്യയിൽ തന്നെ ഇപ്പോഴുള്ള 29 രൂപതകൾക്കു പുറത്ത് പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലുമായി 2 ലക്ഷത്തിലധികം സീറോ മലബാർ കത്തോലിക്കരുണ്ട്. നാൽപ്പതിനായിരത്തിലധികമാണ് ഗ്രേറ്റ് ബ്രിട്ടണിൽ ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന പുതിയ രൂപതയിലെ അംഗസംഖ്യ. ഇതിനുപുറമെ ഓസ്ട്രിയ, ഫ്രാൻസ്, ജർമ്മനി, അയർലന്റ്, ഇറ്റലി, സ്വിറ്റ്സർലന്റ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിലായി മുപ്പതിനായിരത്തോളം സീറോ മലബാർസഭാംഗങ്ങളുണ്ട്. ഗൾഫ് രാജ്യങ്ങളിൽത്തന്നെ നാലുലക്ഷത്തോളം വരും സീറോ മലബാർ വിശ്വാസികളുടെ എണ്ണം. മറ്റ് ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലുമായി ഇരുപത്തിഅയ്യായിരത്തിലധികവും.

പ്രവാസികളുടെ അജപാലനം ശരിയായി നിർവഹിക്കുന്നതിന് സാർവ്വത്രികസഭ ശ്രദ്ധാലുവാണ്. പൗരസ്ത്യകത്തോലിക്കാസഭകളെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച ഡിക്രിയിൽ പറയുന്നതിപ്രകാരമാണ്: “ആകയാൽ ലോകമാസകലമുള്ള ഓരോ പ്രത്യേകസഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വിശ്വാസികളുടെ ആദ്ധ്യാത്മികമായ നന്മയ്ക്കു

വേണ്ടി ആവശ്യമാകുന്നിടത്തെല്ലാം ഇടവകകളും അവരുടെ സ്വന്തം ഹയരാർക്കിയും സ്ഥാപിക്കണം." ഇപ്രകാരം ഓരോ വ്യക്തിസഭയിൽ നിന്നുമുള്ള പ്രവാസികളുടെ അജപാലനം അതേ സഭയുടെ മേൽനോട്ടത്തിൽ നിർവഹിക്കപ്പെടാനുള്ള ഏർപ്പാടുകൾ സഭ ചെയ്യുന്നുണ്ട്.

സീറോമലബാർ സഭയിൽ നിന്നും ഇന്ത്യക്കുപുറത്ത് പ്രവാസികളായി കഴിയുന്ന വിശ്വാസി സമൂഹങ്ങൾക്ക് അജപാലന നേതൃത്വം കൊടുക്കുവാൻ 2016 ജൂലൈ 28-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ രണ്ട് പ്രത്യേക സംവിധാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി.

1. ഗ്രേറ്റ് ബ്രിട്ടനിലെ പ്രസ്റ്റൺ കേന്ദ്രമാക്കി സീറോ മലബാർ സഭയ്ക്കായി ഒരു രൂപത സ്ഥാപിച്ച് ഫാ. ജോസഫ് ശ്രാമ്പിക്കലിനെ അതിന്റെ പ്രഥമ മെത്രാനായി നിയമിച്ചു.

2. ഗ്രേറ്റ് ബ്രിട്ടൺ ഒഴികെ അയർലന്റ് ഉൾപ്പെടെയുള്ള മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായി മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിനെ നിയമിച്ചു.

ഫാ. ജോസഫ് ശ്രാമ്പിക്കലിന്റെ മെത്രാഭിഷേകവും ചുമതല ഏറ്റെടുക്കൽ ശുശ്രൂഷയും 2016 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച പ്രാദേശിക സമയം 1.30-ന് പ്രസ്റ്റൺ നോർത്ത് എൻഡ് സ്റ്റേഡിയത്തിൽ വച്ചും മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേകം നവംബർ 1 ചൊവ്വാഴ്ച പ്രാദേശിക സമയം 10.00-ന് റോമിലെ സെന്റ് പോൾസ് ബസിലിക്കയിൽ വച്ചും നടത്തപ്പെടും.

## രൂപതക്കച്ചേരി

### *C. 81 /2016* കാരുണ്യവർഷ സമാപനം

ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ച കാരുണ്യത്തിന്റെ മഹാജൂബിലി ക്രിസ്തുരാജന്റെ തിരുനാൾ ദിവസമായ നവംബർ 20-ന് സമാപിക്കുകയാണല്ലോ. അന്നേദിവസം രൂപതയിലെ എല്ലാ ഇടവകകളിലും സൗകര്യപ്രദമായ സമയത്ത് ഒരു മണിക്കൂർ ആരാധന നടത്തുകയും ആഘോഷമായി ദിവ്യബലിയർപ്പിക്കുകയും ചെയ്യേണ്ടതാണ്. രൂപതാതലത്തിൽ വലിയ ആഘോഷപരിപാടികൾ ഉണ്ടായിരിക്കുന്നതല്ല. കാരുണ്യവർഷത്തിൽ തുടങ്ങിവച്ചതും തുടർന്നുവരുന്നതുമായ കാരുണ്യപ്രവൃത്തികൾ ഇനിയും തുടരണമെന്ന കാര്യം ഏവരെയും സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. ഇതിന്റെ സൂചനയായി ചില കാരുണ്യപ്രവൃത്തികൾ ജനങ്ങളുടെ സഹകരണത്തോടെ അന്നേദിവസം നടത്തേണ്ടതാണ്. കാരുണ്യവർഷത്തിൽ ഔദ്യോഗികമായി തുറന്ന വിശുദ്ധ കവാടങ്ങൾ അടയ്ക്കപ്പെടുന്ന ദിവസം കൂടിയാണിത്. അന്നേ ദിവസം വിശുദ്ധമായി ആചരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.



*Bishop*

### *C. 82 /2016* മിഷൻ ഞായർ

ഒക്ടോബർ 16-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽതന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരുമെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, ത്യാഗപ്രവർത്തനങ്ങൾ എന്നിവവഴി മിഷൻപ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻരംഗത്ത് പീഡനം അനുഭവിക്കുന്ന നമ്മുടെ പ്രേഷിതരെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി നമുക്ക് സഹായിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ച് നാം നടത്തുന്ന പിരിവുകൾ വഴി ലഭിക്കുന്ന തുകയുടെ 25% മിഷൻലീഗ് ഓഫീസിലും ബാക്കി തുക രൂപതാ സാമ്പത്തിക കാര്യാലയത്തിലും ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

### *C. 83 /2016* ഒക്ടോബർ മാസത്തിലെ ജപമാല

ജപമാല മാസമായ ഒക്ടോബർ മാസം കുടുംബങ്ങളിലെന്ന പോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. പരി. അമ്മ വഴിയായി ധാരാളം അനുഗ്രഹം ഏവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Bishop*

### *C. 84/2016* ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 67-ാം ചരമവാർഷികം

ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചന്റെ 67-ാം ചരമ വാർഷികത്തോടനുബന്ധിച്ച് 2016 നവംബർ 4 വെള്ളിയാഴ്ച തങ്കളം ധർമ്മഗിരി ചാപ്പലിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 11.00-ന് ദിവ്യബലിയും തുടർന്ന്

ശ്രാദ്ധവും ഉണ്ടായിരിക്കുന്നതാണ്. ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

Bishop

*C. 85/2016* **ഡിവൈൻ മേഴ്സി ഷ്റൈൻ കമ്മീഷൻ**

ഡിവൈൻ മേഴ്സി ഷ്റൈൻ തീർത്ഥാടനകേന്ദ്രമായി ഉയർത്തുന്നതിനെക്കുറിച്ച് ആധികാരികമായി പഠിക്കുന്നതിന് പ്രോട്ടോസിഞ്ചെല്ലൂസിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയോഗിച്ചിരിക്കുന്നു. കമ്മീഷൻ അംഗങ്ങൾ :

1. റവ. മോൺ. ജോർജ് ഓലിയപ്പുറം
2. റവ. മോൺ. ജോർജ് കാര്യാമഠം
3. റവ. ഡോ. ജോർജ് കാരക്കുന്നേൽ
4. റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ
5. റവ. ഡോ. തോമസ് ചെറുപറമ്പിൽ

Bishop

*C. 86/2016* **ഇടവകയിലെ ആഘോഷങ്ങൾക്ക് നാസിക് ഡോൾ, ഫയർബാന്റ് തുടങ്ങിയ വാദ്യമേളങ്ങൾ പാടില്ല**

തിരുനാളുകൾക്കും ഇടവകയിലെ മറ്റ് ആഘോഷപരിപാടികൾക്കും നാസിക് ഡോൾ, ഫയർബാന്റ് തുടങ്ങിയ ഭക്തിക്കു നിരക്കാത്ത വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. കഴിഞ്ഞ സെപ്തംബർ മാസം നടന്ന പ്രെസ്ബിറ്ററൽ കൗൺസിലിൽ നടന്ന ചർച്ചയുടെ വെളിച്ചത്തിലാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്.

Bishop

*C. 87/2016* **അജപാലനസന്ദർശനം**

ഒക്ടോബർ 16 - കാവക്കാട്
ഒക്ടോബർ 23 - മീങ്കുന്നം

Bishop

*C.88 /2015* **Jubilee Greetings**

A gathering to greet the golden and silver jubilarians of our eparchy will be conducted on Tuesday, November 15, 2016 from 11.30 am to 12.30 pm at NESTT, Muvattupuzha. All priests of the eparchy are cordially invited to participate in this family gathering. On the same day monthly recollection will be conducted from 9.45 am to 11.30 am. Please attend without fail.

Bishop



*C.89 /2016* **കുർബാനക്കണക്കും കുമ്പസാരപത്തേന്തിയും**

പരിശോധനയ്ക്കായി കുർബാന കണക്കും പുതുക്കുന്നതിനായി കുമ്പസാരപത്തേന്തിയും ഏല്പിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

Bishop

*C. 90 /2016* **കുർബാന നിയോഗങ്ങൾ**

സെപ്റ്റംബർ മാസത്തിലെ ധ്യാനത്തിൽ പങ്കെടുക്കാത്തവർ താഴെ പറയുന്ന നിയോഗങ്ങളിൽ കുർബാന അർപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇത് ബൈനേഷൻ കുർബാനയല്ല എന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ.

രൂപതയിലെ വൈദികർക്കായി - 1
അഭിവന്ദ്യ പിതാവിന്റെ നിയോഗങ്ങൾക്കായി - 4
(ഉപവിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന്).

ധ്യാനത്തിൽ പങ്കെടുത്തവർ 5 കുർബാന കൂടി ചൊല്ലണമെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

Chancellor

*Pr. C. 5/2016* **Report of the Presbyteral Council held on Tuesday, September 13, 2016**

An ordinary meeting of the Presbyteral Council was held on Tuesday 13 September 2016 at NESTT. H.E. Bishop Mar George Madathikandathil presided over the meeting. Twenty eight members participated. The meeting started with a prayer at 10. 00 a.m. V. Rev. Mgr. George Kariamadam welcomed the participants. The report of the previous meeting was read out and it was passed. The President introduced the themes for discussion.

The first topic on the agenda was the mode of evaluation for the implementation of the decisions of the Eparchial Assembly. It was suggested that the directors of diocesan institutions and pious associations and the religious superiors might be convened for giving a report of the programs taken up by them. So also parish priests could be asked to give a report in a prescribed form given from the Eparchial Curia. It was further suggested that the pastoral council members might also be given a chance to make the evaluation. So also the evaluation module should

contain space to add proposals for future activities to be carried out. The suggestions were acceptable to all.

The next topic on the agenda was the conclusion of the Year of Mercy. Though some members opined to conduct a diocesan level celebration inviting selected representatives from each parish, the majority was of the opinion that for a better participation of the people it would be better to organize parish level celebrations. Finally, the council admitted the proposal to conduct Eucharistic adoration before solemn Holy Mass at a convenient time in each parish, which will mark the conclusion of the Year of Mercy. The proposal to perform an act of charity emblematic to the Year of Mercy was also accepted by all.

The council further discussed on the Marian convention. It is customary to conduct diocesan charismatic convention at three important centers - Muthalakodam, Muvattupuzha and Kothamangalam. The council resolved to continue this custom this year also.

Another topic of the agenda was the Major Archiepiscopal Assembly held from 25-28 August 2016. The President referred to the themes of the Assembly, i.e., Simplicity in the Church and in Personal Life, Christian Witness in the Family and the Mission of the Migrants and read out the decisions of the Synod in the light of the suggestions of the Assembly. During the discussion there was a suggestion to discourage or totally prohibit some sort of music bands like Nasik Dholl, Fire Band and so on. The president accepted the suggestion and replied that communication would be given in Deivarajyam not to allow such bands to perform during parish festivals or programs conducted in the parish. To the query regarding the accounting software it was informed that the software would soon be made available for use in the parishes.

Finally, the Council was informed that Rev. Fr. Varkey Mandapathil would be new member, as per the statutes, instead of Fr. Mathew Kunnappillil who has gone for pastoral ministry in the Eparchy of Melbourne.

The president then thanked the members for their presence and active participation. With the concluding message and prayer, the meeting came to an end by 11.30 pm.

*Secretary*



# മൈനർ സെമിനാരി

*MS 38 /2016* **ഓണാഘോഷം**

അത്തപ്പൂക്കളത്തിന്റെയും ഓണക്കളികളുടെയും അകമ്പടിയോടെ മൈനർ സെമിനാരിക്കാർ ഓണം ആഘോഷിച്ചു. പുലികളിയും ഓണപ്പാട്ടുകളും മാവേലിമന്നന്റെ വരവിനെ മനോഹരമാക്കി. അഭിവന്ദ്യ പിതാവിനോടും ബഹുമാനപ്പെട്ട ജനറാളച്ചന്മാരോടും മറ്റുവൈദികരോടുമൊപ്പമുള്ള ഓണസദ്യയും ആസ്വാദ്യകരമായിരുന്നു.

*MS 39 /2016* **ചാരിറ്റി ഡേ ആചരിച്ചു**

സെപ്തംബർ 4-ാം തീയതി സെമിനാരിയിൽ ചാരിറ്റിദിനമായി ആചരിച്ചു. അന്നേദിവസം കോതമംഗലം താലൂക്ക് ആശുപത്രിയിൽ രോഗികളെ സന്ദർശിക്കുകയും മൈനർ സെമിനാരിക്കാരുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണം നൽകുകയും ചെയ്തു.

*MS 40 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | George Nelloor, Anicadu | ₹ | 15000 |
| 2 | V. Rev. Fr. Vicar, Holy Magi Forane Church, Muvattupuzha | ₹ | 65000 |
| 3 | Rev. Fr. Vicar, St. Martin de Porus Church, Anchiri | ₹ | 5000 |
| 4 | In memory of late Elikutty Joseph Pottayil, Kadalikad | ₹ | 10000 |
| 5 | Saji Mathew Adakanattu, Anicadu | ₹ | 25000 |
| 6 | Rev. Fr. Vicar, St. Sebastian Church, Anicadu | ₹ | 75000 |
| 7 | V. Rev. Fr. Vicar, St. Antony Forane Church, Paingottoor | ₹ | 40000 |
| 8 | Mrs. Sarasamma James Kizhakkekkara, Muttam | ₹ | 10000 |
| 9 | M.A. Joseph Malieckal, Perumannoor | ₹ | 25000 |
| 10 | Chichamma Thomas Amamthuruthiyil, Mailacombu | ₹ | 5000 |
| 12 | Mariakutty Varkey Areekal, Vazhakala | ₹ | 50000 |
| 13 | Annie Mathew Avarapattu, Velielchal | ₹ | 10000 |
| 14 | Achamma Mathew Alanolickal, Muthalakodam | ₹ | 2000 |
| 15 | Thresiamma Vettickal, Muthalakodam | ₹ | 1000 |
| 16 | Dr. Benny Augusthy, Thodupuzha | ₹ | 1000 |

*Rector*

# വിജ്ഞാനഭവൻ

*V. 105/2016* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 9-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 9 ഞായ റാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുക ളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബ ന്ധിച്ചും പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 8-ാം തീയതി മേഖലാകേന്ദ്രങ്ങ ളിൽനിന്ന് ലഭിക്കുന്നതാണ്.

| | |
|---|---|
| Std. I - IX Classes | 11.00 am -1.00 pm |
| Std X, XI, XII Classes | 2.00 pm - 4.00 pm |

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ ഒക്ടോബർ 21 വെള്ളിയാഴ്ച മാത്രം എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

*V. 106/2016* **യൂണിറ്റ് സന്ദർശനം**

സൺഡേ സ്കൂൾ യൂണിറ്റ് സന്ദർശനവും വിലയിരുത്തലും വരാൻപോവുകയാണല്ലോ. യൂണിറ്റുകളുടെ വിലയിരുത്തൽ കൂടുതൽ കാര്യക്ഷമവും കൃത്യതയുള്ളതുമാകണമെന്ന് ആഗ്രഹിക്കുന്നു. യൂണിറ്റ് വിലയിരുത്തലിന്റെ ആദ്യഘട്ടം ഈരണ്ട് അദ്ധ്യാപകർ വീതം അടുത്ത സൺഡേസ്കൂളുകളിൽ സന്ദർശനം നടത്തുക എന്നതാണല്ലോ. ഇങ്ങനെ സന്ദർശനത്തിന് പോകുന്ന അദ്ധ്യാപകർക്കായി ഒരു ട്രെയി നിംഗ് പ്രോഗ്രാം മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. **ഒക്ടോബർ 23 ഞായറാഴ്ച** രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെയാണ് ട്രെയിനിംഗ്. വി. കുർബാനയോടെ ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ അവസാനിക്കും. ഓരോ യൂണിറ്റിൽ നിന്നും വിസിറ്റിന് പോകാനുള്ള



രണ്ടു പേരെ വീതം (HM/ സ്റ്റാഫ് സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും) അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ പേരു വിവരം ഒക്ടോബർ 15-ന് മുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

*V. 107/2016* **ഓർഡർ ഫോം**

വിശ്വാസോത്സവം, സൺഡേ സ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഫോം ഒക്ടോബർ 10-ാം തീയതിയ്ക്കകം വിജ്ഞാനഭവൻ ഓഫീസിൽ കിട്ടത്തക്ക രീതിയിൽ അയയ്ക്കണം. **10-ാം തീയതിക്കുശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.**

*V. 108/2016* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

| | |
|---|---|
| **ഇടവകതലം** | : **2016 ഒക്ടോബർ 16 ഞായർ** |
| **സമയം** | : **12.00 noon - 1.00 p.m.** (അതാത് ഇടവകകളിൽ). |
| **രൂപതാതലം** | : **2016 ഡിസംബർ 10 ശനി** |
| **സമയം** | : **10.30 a.m. - 12.00 noon.** |
| **സ്ഥലം** | : **വിജ്ഞാനഭവൻ കേന്ദ്രം** |

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കട ലാസ്സുകൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്ത രക്കടലാസുകളും മാർക്ക് ലിസ്റ്റും ഒക്ടോബർ 21-ാം തീയതി (21-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്ര ത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേ ഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യ പേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

*V.109/2016* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"വിശ്വാസരൂപീകരണം കുടുംബങ്ങളിലൂടെ"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി 2016 ഒക്ടോബർ 30 ആണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാന ങ്ങൾ നല്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്.

*V. 110/2016* **കവിതാരചന**

ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. **"കുടുംബ"വുമായി** ബന്ധപ്പെട്ട വിഷയമായിരിക്കണം. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ 2016 ഒക്ടോബർ 30 -ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

NB. **സെപ്തംബർ മാസത്തിലെ ദൈവരാജ്യത്തിൽ 'സമർപ്പിത ജീവിതവുമായി ബന്ധപ്പെട്ട' എന്നാണ് കൊടുത്തിരുന്നത്. കുടുംബവുമായി ബന്ധപ്പെട്ടതാണ് ഈ വർഷത്തെ കവിതയുടെ വിഷയം.**

*V. 111/2016* **വിശ്വാസപരിശീലക ദിനം**

വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനം നവംബർ 4 വെള്ളിയാഴ്ചയാണ്. 6-ാം തീയതി ഞായറാഴ്ച വിശ്വാസപരിശീലക ദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവത്കരിക്കാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

*V. 112/2016* **പ്രൈവറ്റ് രജിസ്ട്രേഷൻ, കോൺടാക്റ്റ് ക്ലാസ്സ് സ്ലിപ്പ്**

പ്രൈവറ്റായി രജിസ്റ്റർ ചെയ്ത 11, 12 ക്ലാസ്സിലെ കുട്ടികൾക്കായി സെപ്തംബർ 10-ാം തീയതി നെസ്റ്റിൽ വച്ച് നടന്ന കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുത്തവർക്ക് HM-നെ ഏല്പിക്കാൻ ഒരു സ്ലിപ്പ് കൊടുത്തുവിട്ടിട്ടുണ്ട് (വിജ്ഞാനഭവന്റെ പകുതിസീൽ ഉള്ള). സ്ലിപ്പ് തരാത്തവർക്ക് ഇന്റേണൽ മാർക്ക് കൊടുക്കരുത്. ധ്യാനം കൂടിയതിന്റെ സർട്ടിഫിക്കറ്റിന്റെ കോപ്പി HM-നെയും ഒറിജിനൽ വിജ്ഞാനഭവനിലും ഏല്പിക്കേണ്ടതാണ്.



*V. 113/2016* **SMC അവാർഡ് 2016-17 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. താഴെ പറയുന്ന ക്രമത്തിലായിരിക്കും അത് നടത്തുന്നത്.

**A ഇടവകതലം**

വിദ്യാർത്ഥിയുടെ വിശ്വാസപരിശീലനനിലവാരം, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗതകഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്ത് ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും തെരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാതലത്തിലേക്ക് അയയ്ക്കുന്നു. **രൂപതാകേന്ദ്രത്തിൽ സാക്ഷ്യപത്രം നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 21 ആണ്.**

**B രൂപതാതലം**

രൂപതാതലത്തിൽ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളെയും പെൺകുട്ടികളെയും രൂപതാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി സഭാതലത്തിലേക്ക് അയയ്ക്കുന്നു. രൂപതാതല സെമിനാർ 2016 നവംബർ 12-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്.

**C സഭാതലം**

രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടു വരുന്നവർക്കായി സഭാസമിതിയുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.

N.B. **പ്രൈവറ്റ് രജിസ്ട്രേഷൻ ആയി പരീക്ഷ എഴുതുന്ന കുട്ടികളെ ക്യാമ്പിന് വിടേണ്ടതില്ല.**

**SMC അവാർഡ് രജിസ്ട്രേഷനുള്ള ഫോം ചോദ്യപേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്.**

*V. 114/2016* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50

വർഷം പൂർത്തിയായവർ തങ്ങളുടെ ഫയലിൽ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് ഒക്ടോബർ 15-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ട താണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധി ക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല. സർവീസ് ബുക്കിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

*V. 115/2016* **Short Film Competition**

Short Film മത്സരത്തിന് പേരു നൽകാനുള്ള അവസാന തീയതി ഒക്ടോബർ 15 ആണെന്ന് ഓർമ്മിക്കുമല്ലോ.

*Director*

## Corporate Educational Agency

*Edn. 41 /2016* **കൊന്തനമസ്ക്കാരം**

ഒക്ടോബർ മാസം ജപമാലഭക്തിയുടെ മാസമായി ആചരിക്കു വാൻ എല്ലാ വിദ്യാലയങ്ങളും ശ്രദ്ധിക്കണം. ഏകാഗ്രതയോടെ, ധ്യാനാ ത്മകമായി ജപമാല ചൊല്ലുവാൻ അദ്ധ്യാപകർ കുട്ടികളെ പരിശീലി പ്പിക്കണം. സൗകര്യപ്രദമായ സമയത്ത് എല്ലാവരും ഒത്തൊരുമിച്ച് ജപ മാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Edn. 42 /2016* **പ്രധമാദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

ഈ ഓഫീസിലേക്ക് അയയ്ക്കേണ്ട ഫാറങ്ങൾ സമയത്തുതന്നെ പൂരിപ്പിച്ച് തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

| | |
|---|---|
| 1 FC Application 3 Copy | - 31-12-2016 ന് മുമ്പ് |
| 2 Annual Report 1 Copy | - 15-01-2017 ന് മുമ്പ് |
| 3 അദ്ധ്യാപക അനദ്ധ്യാപക അവാർഡ് റിപ്പോർട്ട് | - 15-01-2017 ന് മുമ്പ് |

*Edn. 43 /2016* **Catechism/ Moral Science Text Books**

അടുത്ത അദ്ധ്യയനവർഷത്തിൽ സ്കൂളുകളിലെ Std. I മുതൽ Std. XII വരെ ക്ലാസ്സുകളിലേക്ക് ആവശ്യമായ Catechism / Moral Science പുസ്തകങ്ങളുടെ ഓർഡർ ഇതുവരെ നൽകാത്തവർ ഒക്ടോബർ 20-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.



**പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീ ഷൻ ലഭിക്കുന്നതല്ല.** (ഡയറക്ടർ, വിജ്ഞാനഭവൻ, ബിഷപ്സ് ഹൗസ്, കോതമംഗലം എന്ന അഡ്രസ്സിൽ വേണം ഓർഡറുകൾ അയയ്ക്കാൻ).

*Edn. 44 /2016* **ചെപ്പുകുളം സെന്റ് തോമസ് യു.പി.സ്കൂളിന് PTA അവാർഡ്**

2015-2016 അദ്ധ്യയനവർഷത്തിൽ തൊടുപുഴ ഉപജില്ലയിലെ ഏറ്റവും നല്ല പി.റ്റി.എ. അവാർഡിന് ചെപ്പുകുളം സെന്റ് തോമസ് യു.പി. സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. ഈ നേട്ടത്തിനു പിന്നിൽ പ്രവർ ത്തിച്ച സ്കൂൾ മാനേജ്മെന്റിനെയും അദ്ധ്യാപകരെയും രക്ഷാകർത്താ ക്കളെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

*Edn. 45 /2016* **അഭിനന്ദനങ്ങൾ**

2016-ലെ സംസ്ഥാന അദ്ധ്യാപക അവാർഡ് കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിലെ ശ്രീമതി ലിസ്സിയമ്മ വർഗീസ് HSA (Maths) ന് ലഭിച്ചു. ടീച്ചറിന് പ്രത്യേക അഭിനന്ദനങ്ങൾ അറിയി ക്കുന്നു.

ഭാരത് പെട്രോളിയം കോർപ്പറേഷന്റെയും, കൊച്ചിൻ ഓയിൽ റിഫൈനറിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ നടത്തിയ മത്സരത്തിൽ ഏറ്റവും മികച്ച പരിസ്ഥിതി സൗഹൃദ ഊർജ്ജ സംരക്ഷ ണ വിദ്യാലയമായി കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടു.

റവന്യൂജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ പി.റ്റി.എ.യ്ക്കുള്ള അവാർഡ് SJHSS കരിമണ്ണൂരിന് ലഭിച്ചു. ഈ നേട്ടങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച കരിമണ്ണൂർ സ്കൂൾ മാനേജർ, അദ്ധ്യാപകർ, വിദ്യാർത്ഥി കൾ, പി.റ്റി.എ. എല്ലാവർക്കും അഭിനന്ദനങ്ങൾ.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 68 /2016* **രൂപതാ കലോത്സവം**

രൂപതാ കലോത്സവം ഒക്ടോബർ 10-ാം തീയതി മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ചു നടക്കുന്നു. മേഖലാ തലത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നും രണ്ടും സ്ഥാനം കിട്ടിയവരും ഗ്രൂപ്പ്

ഇനത്തിൽ ഒന്നാം സ്ഥാനം കിട്ടിയവരുമാണ് ഇതിൽ സംബന്ധിക്കേണ്ടത്. രൂപതാ കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ ഡയറക്ടർമാരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

*CML 69 /2016* **സാഹിത്യശില്പശാല**

ഒക്ടോബർ 10-ാം തീയതി വൈകിട്ട് 4 മുതൽ 12-ാം തീയതി വൈകിട്ട് 4 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു. 8-ാം ക്ലാസ്സിനു മുകളിലേയ്ക്കുള്ള കുട്ടികൾക്കാണ് ഇതിൽ പങ്കെടുക്കാൻ അവസരം. 300 രൂപയാണ് ഫീസ്.

*CML 70 /2016* **സ്റ്റാർസ് മീറ്റ്**

മിഷൻലീഗ് രൂപതാ കലോത്സവത്തിൽ വിജയികളായ കുട്ടികളെ സംസ്ഥാന കലോത്സവത്തിന് ഒരുക്കുന്നതിനായി ഒക്ടോബർ 22-ാം തീയതി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവെച്ച് സ്റ്റാർസ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന കലോത്സവത്തിലേയ്ക്കു യോഗ്യത നേടിയവരെല്ലാം ഇതിൽ പങ്കെടുക്കേണ്ടതാണ്.

*CML71 /2016* **ശാലോം ടിവിയിൽ പാടാൻ അവസരം**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയും ശാലോം ടിവിയും ചേർന്ന് രൂപതയിലെ കൊച്ചുഗായകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു. മേഖലാ കലോത്സവത്തിൽ സംഗീതത്തിന് സബ്ജൂണിയർ, ജൂണിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (ഓരോ മേഖലയിൽനിന്നും 8 കുട്ടികൾ - 4 ആൺകുട്ടികളും 4 പെൺകുട്ടികളും വീതം - ആകെ 64 പേർക്ക്) ആണ് ഇതിൽ പങ്കെടുക്കാൻ അവസരം. ഒക്ടോബർ 22-ന് നടക്കുന്ന സ്റ്റാർസ് മീറ്റിൽവെച്ച് ശാലോം ടിവിയുടെ മ്യൂസിക് ഡയറക്ടറായിരിക്കും സെലക്ഷൻ നടത്തുന്നത്.

*CML 72 /2016* **കാരുണ്യവർഷ സമാപനം**

മിഷൻലീഗിന്റെ നേതൃത്വത്തിൽ കാരുണ്യവർഷ സമാപനം തൊടുപുഴ ടൗൺ പള്ളിയിൽ വച്ചു നടക്കുന്നു. ഓരോ മേഖലയിലും നല്കിയിരിക്കുന്ന കരുണയുടെ രൂപം ഒക്ടോബർ 18-ാം തീയതി തൊടുപുഴ ടൗൺ പള്ളിയിൽ എത്തിക്കേണ്ടതാണ്. അന്നേദിവസം



വൈകുന്നേരം 6.30 മുതൽ ശ്രീ. ബേബി ജോൺ കലയന്താനിയുടെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തുകയും ചെയ്യും. എല്ലാ മേഖലാ-ശാഖാ ഭാരവാഹികളും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. 19-ാം തീയതി രാവിലെ 6.30-ന് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അർപ്പിക്കുന്ന ദിവ്യബലിയോടുകൂടിയായിരിക്കും സമാപനം നടക്കുക.

*CML73 /2016* **സാഹിത്യമത്സരവിജയികൾ**

**ESSAY**

**Super Senior Boys**

I അലൻ ജോർജ് വടക്കേക്കര, പെരുമ്പല്ലൂർ, മൂവാറ്റുപുഴ
II അരുൺ ജസ്റ്റിൻ അമ്പാട്ട്, മലയിഞ്ചി, കരിമണ്ണൂർ
III അബിൻ തോമസ് തോട്ടുങ്കൽ, മാറിക, തൊടുപുഴ
മാത്യൂസ് ഇമ്മാനുവേൽ പറയിടത്തിൽ, രണ്ടാർ, മൂവാറ്റുപുഴ

**Super Senior Girls**

I റ്റാനിയ അഗസ്റ്റിൻ ആക്കപ്പടിക്കൽ, മുതലക്കോടം, മുതലക്കോടം
II അങ്കിത ആന്റണി കുഞ്ഞിപ്പാറയിൽ, പൈങ്ങോട്ടൂർ, കാളിയാർ
III നവ്യ ബിജു കളപ്പുരയിൽ, കദളിക്കാട്, വാഴക്കുളം
മീനു സി. ജോണി ചൂരക്കുന്നേൽ, മുണ്ടൻമുടി, കാളിയാർ

**Senior Boys**

I അമൽ ഷാജു ഉമ്മനാൽപുത്തൻപുരയിൽ, മുതലക്കോടം, മുതലക്കോടം
II ജെസ്‌വിൻ സണ്ണി പൂവൻ, പെരുമ്പല്ലൂർ, മൂവാറ്റുപുഴ
III ബിബിൻ ബിനോയ് ശാസ്താംകുന്നേൽ, മലയിഞ്ചി, കരിമണ്ണൂർ

**Senior Girls**

I എലിസബത്ത് ജോൺസൺ ചേന്നംപിള്ളിൽ, കാരക്കുന്നം, മൂവാറ്റുപുഴ
II സാന്ദ്ര ജെയിംസ് വെളിയന്നൂർക്കാരൻ, കാരക്കുന്നം, മൂവാറ്റുപുഴ
III ആൻമരിയ സാബു വാഴച്ചാലിയ്ക്കൽ, പന്നിമറ്റം, മുതലക്കോടം

**Junior Boys**

I ഡോൺജോ ഡാന്റി നടുവിലേടത്ത്, ആരക്കുഴ, മൂവാറ്റുപുഴ
II ജോസ് തങ്കച്ചൻ ഓലിയ്ക്കൽ, ആരക്കുഴ, മൂവാറ്റുപുഴ
III ആഷിൻ കെ. സിജു കളമ്പുകാട്ട്, കല്ലൂർക്കാട്, വാഴക്കുളം

**Junior Girls**

I മരിയ വിജു ചെട്ടിക്കാട്ട്, ആലക്കോട്, മുതലക്കോടം
II തെരേസ് മരിയ ജോഷി പിട്ടാപ്പിള്ളിൽ, മൂവാറ്റുപുഴ, മൂവാറ്റുപുഴ
III മരിയ അനിൽ തൊഴാലെയിൽ, ആനിക്കാട്, മൂവാറ്റുപുഴ

## SHORT STORY

**Super Senior Boys**

I ജോബി സി. തോമസ് ചെരുളംകുന്നേൽ, കുണിഞ്ഞി, തൊടുപുഴ
II ജെബിൻ ജോസഫ് മീമ്പിള്ളിൽ, പന്നിമറ്റം, മുതലക്കോടം
III അബിൻ തോമസ് തോട്ടുങ്കൽ, മാറിക, തൊടുപുഴ

**Super Senior Girls**

I കാതറിൻ ജോർജ് നാമറ്റത്തിൽ, കാരക്കുന്നം, മൂവാറ്റുപുഴ
II ബിന്ദു വിൻസെന്റ് മുട്ടേത്താഴത്ത്, പന്നിമറ്റം, മുതലക്കോടം
III അനിറ്റ ഷാജി പാറത്തലയ്ക്കൽ, മുതലക്കോടം, മുതലക്കോടം

**Senior Boys**

I സജിൻ സോജൻ കൊല്ലപ്പിള്ളിൽ, നെയ്യശ്ശേരി, കരിമണ്ണൂർ
II ലിൻസ് മോൻ റോയി വെള്ളാപ്പിള്ളിൽ, വാഴക്കുളം, വാഴക്കുളം
III സാൻ ബേബി ഫ്രാൻസീസ് കുന്നത്തുകുഴിയിൽ, കല്ലൂർക്കാട്, വാഴക്കുളം

**Senior Girls**

I മാമി എലിസബത്ത് ആഗസ്തി കട്ടക്കയം, പന്നിമറ്റം, മുതലക്കോടം
II സജ്ന സജി ചൂരനോലിയ്ക്കൽ, പരിശക്കല്ല്, ഊന്നുകൽ
ആൻമോൾ കെ. ജോയി കപ്യാരുമലയിൽ, കലയന്താനി, മുതലക്കോടം
III ആതിര പോൾ മേക്കുന്നേൽ, ചെപ്പുകുളം, കരിമണ്ണൂർ

**Junior Boys**

I ടോം ഷാജി പൊട്ടംപറമ്പിൽ, കലൂർ, വാഴക്കുളം
II മാർട്ടിൻ ജോൺസൺ കണ്ടത്തിൻകര, കലയന്താനി, മുതലക്കോടം
III ജോസഫ് ഡാലു കിഴക്കേഅരഞ്ഞാണിയിൽ, മാറിക, തൊടുപുഴ

**Junior Girls**

I അൻസാ ഷാജി പൊട്ടംപറമ്പിൽ, കലൂർ, വാഴക്കുളം
II റിയ ജിജി കുന്നപ്പിള്ളിൽ, മൂവാറ്റുപുഴ, മൂവാറ്റുപുഴ
III മെറിൻ ബിനോയ് കണ്ടത്തിൽ, നെല്ലിമറ്റം, ഊന്നുകൽ

## Pencil Drawing
